**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1506** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ആശ്രിതനിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ ഓഫീസിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ എം.ബി. അനിതയുടെ മകൾക്ക് ആശ്രിതനിയമനം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

**<u>മറുപടി:</u>** തൃശ്ശൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷനിൽ പാർട്ട് ടൈംസ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 11.01.2025 ന് മരണപ്പെട്ട അനിത എം ബി യുടെ മകൾ ശ്രീമതി അനഘ പി ആർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാകുകയും ആയത് HEDN-F1/117/2025-HEDN ഫയലിൽ പരിശോധിച്ച് വരികയുമാണ്. ആശ്രിത നിയമനവുമായി ബന്ധപ്പെട്ട 29.03.2025 തീയതിയിലെ സ.ഉ.(അച്ചടി)നം.4/2025/ പി&എ.ആർ.ഡി ഉത്തരവ് പ്രകാരമുള്ള പ്രൊഫോർമ എ പൊതുഭരണ (സർവീസസ് ഡി) വകുപ്പിന് നൽകിയിരുന്നു. തുടർന്ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊഫോർമ ബി യും പൊതുഭരണ (സർവീസസ് ഡി) വകുപ്പിന് നൽകിയിട്ടുണ്ട്.

നിലവിൽ പ്രൊഫോർമ എ പ്രകാരം ശ്രീമതി അനഘ വി ആർ നെ ക്ലർക്ക് (വിവിധം), സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് എന്നീ തസ്തികകളുടെ താൽകാലിക സീനിയോരിറ്റി ലിസ്റ്റിൽ (ലിസ്റ്റ് എ) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നൽകിയ പ്രൊഫോർമ ബി യുടെ അടിസ്ഥാനത്തിൽ ക്ലർക്ക് (വിവിധം), സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികകളുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളെ ഉൾപ്പെടുത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**